# Mathrubhumi

## 22 August 2018

### Kakkanad, Flood, Food Parcels, Flood Relief



# പറന്നിറങ്ങിയത് രണ്ടുലക്ഷം ഭക്ഷണപ്പൊതികൾ

**കാക്കനാട്** ▸ പ്രളയക്കെടുതി അതിരൂക്ഷമായ കഴിഞ്ഞ ദിവസങ്ങളിൽ ജില്ലയിലെ വിവിധ തുരുത്തുകളിൽ ഒറ്റപ്പെട്ടുപോയവർക്ക് വായുമാർഗം വിതരണം ചെയ്തത് രണ്ടുലക്ഷത്തിലധികം ഭക്ഷണപ്പൊതികൾ. നേവിയുടേയും എയർ ഫോഴ്സിന്റെയും അഞ്ച് ഹെലികോപ്റ്ററുകളാണ് ഭക്ഷണപ്പൊതികളുമായി വിവിധ ഭാഗങ്ങളിലേക്ക് പറന്നത്.

മണിക്കൂറിൽ ശരാശരി 10,000 ഭക്ഷണപ്പൊതികളാണ് ഇത്തരത്തിൽ വിതരണം ചെയ്തത്. വിതരണം ചെയ്യാനുള്ള ഭക്ഷണം തയ്യാറാക്കി കൃത്യസമയത്ത് നേവൽ ബേസിലെത്തിച്ച ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ ജില്ലാ കമ്മറ്റിയെയും മറ്റു സന്നദ്ധ സംഘടനകളെയും ജില്ലാ കളക്ടർ മുഹമ്മദ് വൈ. സഫീറുള്ള അഭിനന്ദിച്ചു.